Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

17.09.2026

# ജൂബിലിയിലെ ഗവേഷണം സമൂഹത്തിന് നേട്ടം: മന്ത്രി റോജി എം. ജോൺ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്ററിലെ ഗവേഷണ ഫലങ്ങൾ വിവിധ വിഭാഗങ്ങളിലെ രോഗികൾക്ക് മാത്രമല്ല പൊതുസമൂഹത്തിനുകൂടി ഉപകരിക്കുന്നതാണെന്ന് ഉന്നത വിദ്യഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ. ജൂബിലി റിസർച്ച് സെന്ററും ലോബറട്ടറിയും സന്ദർശിച്ച് ഗവേഷണ ഫലങ്ങളെക്കുറിച്ച് ഗവേഷകരുമായി സംസാരിച്ച ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വിവിധ കേന്ദ്ര സംസ്ഥാന ഏജൻസികൾ, കേരള ആരോഗ്യ സർവ്വകലാശാല എന്നിവ അടക്കമുള്ളവയുടെ ഗവേഷണ പദ്ധതികൾ നടപ്പാക്കുന്ന ജൂബിലി റിസേർച്ച് സെന്ററിനെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമാക്കുന്ന പദ്ധതി പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു. രാജൻ കെ. പല്ലൻ എം.എൽ.എ.-യും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.

ജൂബിലിയിൽ ഇപ്പോൾ 6.5 കോടി രൂപയുടെ 17 ഗവേഷണ പദ്ധതികൾ പുരോഗമിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 8 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയതായി വ്യക്തമാക്കി. ഈ കാലയളവിൽ 16 പേർ പി.എച്ച്.ഡി. ബിരുദത്തിന് അർഹരായി.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ടെറിൻ മുല്ലക്കര, റിസേർച്ച് വിഭാഗം ഡയറക്ടർ ഡോ. ഡി.എം. വാസുദേവൻ, റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗീസ് എന്നിവർ വിവിധ ഗവേഷണ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു.